# പ്രസന്നകേരളം



കെ. രാമകൃഷ്ണപിള്ള


## കൊടുംകാററ്

(ഭാരതത്തിൻെറ സ്വാതന്ത്ര്യ സമ്പാദനത്തിനു വേണ്ടിയുള്ള അന്ത്യ സമരം പശ്ചാത്തലമാക്കി ശ്രീ രാമകൃഷ്ണപിള്ള എഴുതിയതും അടുത്തു പ്രസിദ്ധീകരിക്കാനിരിക്കുന്നതുമായ നാടകത്തിലെ ഒരു ഭാഗം.)

രംഗം:—ചില തീവ്ര വാദികൾ ഒളിവിലിരുന്നു് നിഗ്രഢ രാഷ്ട്രീയ പ്രവർത്തനം നടത്തുന്ന ഒരു സങ്കേതം.

സമയം:—രാത്രി.

സതീശ്—തകരും, സംശയിക്കണ്ട! മേധാവിത്വത്തിൻെറ മഹാ ദുർഗ്ഗം മുഴുവൻ ഇത്തവണ തകരും ആബു!

ആബു—സംഘടന അത്രയ്ക്കു ശക്തിപ്പെട്ടിട്ടുണ്ടോ? സതീശു!

സ—കഴിഞ്ഞ സമരത്തിൻെറ ശക്തിയെപ്പററി ആബു തന്നെയല്ലേ ആവർത്തിച്ചു പറഞ്ഞിട്ടുള്ളതു്!

ആ—എങ്കിലും ഗ്രാമങ്ങളുടെ എണ്ണം!

സ—ഏഴായിരം ഭടന്മാർ നമുക്കില്ലേ ഏതു ഗ്രാമത്തിലാണു്, നമ്മുടെ ദൃഷ്ടി പതിയാതിരുന്നിട്ടുള്ളതു്. എവിടെയാണു് സേവാദളത്തിലെ ഭടന്മാർ എത്തിയിട്ടില്ലാത്തതു്. ആബു! ഇന്നലെ വരെയുള്ള റിപ്പോർട്ടുകൾ എൻെറ വിശ്വാസം വർദ്ധിപ്പിച്ചിട്ടേയുള്ളു.

ആ—വൻ വൃക്ഷങ്ങൾ മാത്രമല്ല സകല പുൽക്കൊടികളും ഇളകിയില്ലെങ്കിൽ!

സ—ആഗസ്റ്റ് സമരം പഠിപ്പിച്ച മഹനീയ പാഠം! ദേശീയ സേനയുടെ അജയ്യ ശക്തി. ആബു! നാം മാത്രം താമസിക്കുന്നു.

ആ—പ്ലാൻ എല്ലാം പൂർത്തിയായി. പരസ്യമായ പ്രവർത്തനത്തിനു ജനങ്ങളുടെ സന്നദ്ധത കണ്ടു് ചിലപ്പോൾ ഞാൻ അതിശയിക്കാറുണ്ടു്. ഇനിയും പട്ടാളത്തെ ഇറക്കുമതി ചെയ്യേണ്ടി വരുകിലോ?

സ—ആകാശത്തിലൂടെയോ? രാത്രി ആ പാളത്തിൻെറ ജോലി ആരു നിർവഹിക്കും!

ആ—ഏഴു മൈലപ്പുറത്തുവച്ച് മുറിഞ്ഞാലും അവർ നടന്നു വരികയില്ലേ?

സ—അവരെ ആദ്യം എതിർക്കുന്നതു ഈ ഗ്രാമത്തിൽ എത്തിച്ചേർന്നിട്ടുള്ള പട്ടാളമായിരിക്കും.

ആ—അവരെ അത്രയ്ക്കു വിശ്വാസമാണോ?

സ—സുരേന്ദ്രൻെറ നിഗ്രഢ പ്രവർത്തനങ്ങളെപ്പററി ആബുവിനു ഒരു രൂപവുമില്ല. അവരുടെ സകല തോട്ടാകളും സുരേന്ദ്രൻെറ ചുമതലയിലായിക്കഴിഞ്ഞു. പുതിയ റിക്രൂട്ടായി അങ്ങു അലിഞ്ഞു ചേർന്നിരിക്കയല്ലേ. ക്യാപ്ററൻെറ ഉററ മിത്രം!

ആ—പോലീസോ?

സ—ഭയപ്പെടാതിരിക്കു. മററന്നാളത്തെ ലാത്തിച്ചാർജ്ജു കാണുമ്പോൾ അറിയാം. ആബു! 150 വർഷത്തെ അസംതൃപ്തിയാണു് അന്നു കത്തി ജ്വലിക്കുവാൻ പോകുന്നതു്. അവർ ഈ കണ്ണിൽ തന്നെ മറയേണ്ടവർ!

ആ—അതവർക്കു ബോദ്ധ്യമായോ എന്നാൽ മതി! എന്നാലും ആ നിയമം സമ്പാദിച്ചുയുട്ടന്നേചെ

പോലീസ് മേധാവി! അയാൾക്കു ജീവശക്തി നൽകുന്ന മിൽ ഓണർ! അവരെ അനുഗ്രഹിക്കുവാൻ ആ പുരോഹിത സംഘവും; സതീശു്! ഞാൻ പുറത്തു സഞ്ചരിക്കുന്നവൻ.

ആ—കഴിഞ്ഞ പ്രാവശ്യത്തെ ആത്മധൈര്യം എവിടെപ്പോയി ആബു. ഈ ഡിസ്ട്രിക്ട് മുഴുവനും അണ്ടർ ഗ്രൗണ്ടു വർക്കുകൊണ്ടു് അമ്പരപ്പിച്ച ആബു തന്നെയാണോ ഈ സംസാരിക്കുന്നതു്.

ആ—സതീശു്! നിരാശകൊണ്ടു പറയുകയല്ല. നമ്മുടെ പത്രങ്ങൾ നമ്മുടെ ജീവ ചൈതന്യം മുഴുവൻ നശിപ്പിച്ചു കളയുന്നു.

സ—ബർമ്മായിലെ അനുഭവവും ഇതുതന്നെയായിരുന്നു. നേതാജിയുടെ ആ ഒരു വാചകം, ഞാൻ മറക്കുകയില്ല. മുന്നോട്ടു വച്ച കാൽ പുറകോട്ടു എടുക്കാതിരിക്കുവിൻ, പുറകേ വരേണ്ടവർ വരും, അവർക്കു മാർഗ്ഗ തടസ്സം ഉണ്ടാക്കാതിരിക്കുവാൻ.

ആ—സതീശു്! ഞാൻ പുറത്തുവന്നപ്പോഴാണോ? ഇത്രയും ഭീരുവായതു്. ഒരു ദിവസംകൂടി കഴിഞ്ഞാൽ എനിക്കു വിശ്രമമായി. ആ ഇരുമ്പഴിക്കുള്ളിൽ ഇരുന്നു് എൻെറ സഹൃത് സംഘത്തെ പിന്നെ ഞാൻ കാണണം.

സ—ഇത്തവണ ജയിലിനുള്ളിലും എല്ലാ വാർത്തകളും നിങ്ങൾ കേൾക്കും റേഡിയോ പ്രവർത്തനം അവിടെ വരെ എത്തും.

ആ—അതിനു വിദഗ്ദ്ധത സമ്പാദിച്ചവർ നമ്മുടെ കൂട്ടത്തിലുണ്ടോ?

സ—ആളിനെ കാണിച്ചുതരാം ഈ ഇരുളിലൂടെ ആ ദേവി പ്രത്യക്ഷപ്പെടും. പന്ത്രണ്ടു മണി ആയല്ലോ. അതാ നിലാവു തെളിഞ്ഞല്ലോ?

ആ—ആരു് ദേവിയോ?

സ—അതേ ജസ്റ്റിസ് രാജേന്ദ്രൻെറ പുത്രി സൌദാമിനി.

ആ—ഈയിടെ ഇംഗ്ലണ്ടിൽ നിന്നും പഠിച്ചു വന്നു്-

സ—അതെ...............നിങ്ങൾ

യ്യതെന്തു്?

ആ—നിയമ ലംഘനം

സ—ആദ്യമായി പഠിച്ചതു ആദ്യമേ തിരിച്ചു പ്രയോഗിക്കും! അദ്ദേഹം രാജിവച്ചു. നമ്മുടെ അണിയിലേയ്ക്കു ചേർന്നു.

ആ—സതി! നമ്മുടെ ഒരു വലിയ നേട്ടമാണിതു്.

സ—ഇതുപോലെത്ര നേട്ടങ്ങൾ ഇതാ നോക്കു ഇന്നലെ കിട്ടിയ സത്യപ്രതിജ്ഞാ പത്രങ്ങൾ! (കടലാസ്സ് കാണിക്കുന്നു.)

ആ—(കടലാസ്സ് കണ്ണിൽ വച്ചു്) യോഗത്തിൽ തന്നെയുള്ള പ്രതിജ്ഞകൾ; സതീശു്

സ—യോഗവും ഘോഷയാത്രയും ഉത്സാഹമായി നടത്താമോ (കയ്യ് പിടിച്ചു കലുക്കി)

ആ—സതീശു്! രക്തം,വിയർപ്പ്,കണ്ണുനീർ............ഉദ്യോഗസ്ഥന്മാരുടെ ലിസ്റ്റ്.

സ—ഇതാ, തൃപ്തിയായോ? മാററാൻ വല്ലതും വേണോ? നോക്കു (കടലാസ്സു കൊടുക്കുന്നു.)

ആ—(നോക്കി) ജസ്റ്റിസ് തന്നെയേ ആദ്യത്തെ പ്രസിഡൻറു്. കൊള്ളാം. അദ്ദേഹത്തെ തടവിലാക്കിയെങ്കിലോ? അതിനു മുമ്പ്!

സ—ആബു! ആ പ്രഭാതം! ഒന്നു വിഭാവന ചെയ്യു. ഞങ്ങളെല്ലാം അണിനിരന്നു ആ തുറുങ്കിൻെറ മുൻപിൽ വരുന്ന ആ രംഗം! ആ ഇരുമ്പു വാതിലുകൾ ഒന്നൊന്നായി തുറക്കപ്പെടുന്ന ആ പ്രഭാതം! ഖദർ മാല്യങ്ങൾ കൊണ്ടു് നമ്മുടെ വില്ലേജ് റിപ്പബ്ളിക്കിൻെറ കണ്ഠം അലങ്കരിക്കുന്ന ആ സുപ്രഭാതം! അതുപോലെ ഒൻപതു ലക്ഷം ഗ്രാമങ്ങളും സോഷ്യലിസ്റ്റ് റിപ്പബ്ളിക്കുകൾ താൽക്കാലികമായി രൂപവൽക്കരിക്കുന്ന സ്വതന്ത്ര സുപ്രഭാതം!

ആ—(സതീശനെ ആലിംഗനം ചെയ്തുകൊണ്ടു്) ഇതുപോലെ ഇനി ആശ്ലേഷിക്കുവാനൊക്കുമോ സതീശു്! എൻെറ മനസ്സ് പതറുന്നു. നാം അത്രയ്ക്കു ഭാഗ്യവാന്മാരല്ല.

സ—കളയൂ! സാമ്രാജ്യത്തിൻെറ തകർന്ന ദുർഗ്ഗത്തിനിടയിൽ മരിച്ചു വീണു കിടക്കുമ്പോഴും ഹാ! നമ്മുടെ ജീവരക്തം അലിഞ്ഞു ചേർന്നുകൊള്ളും. ആ രക്തം കണ്ടു്, ആ ജന്മങ്ങൾ ദർശിച്ച്, പൊടിഞ്ഞു തകർന്ന ദുർഗ്ഗത്തിൻെറഅവശിഷ്ടങ്ങളിൽ ചവിട്ടിക്കൊണ്ടു് നമ്മുടെ സന്താനങ്ങൾ പരസ്പരം ആശ്ലേഷിക്കും. അന്നത്തെ സ്വതന്ത്ര വായു അവരെ അങ്ങനെ പുളകം കൊള്ളിക്കും.!

ആ—സതീശു്! എൻെറ സതീശു്!

സ—പതുക്കെ! ഒരു കാലൊച്ച കേൾക്കുന്നുവല്ലോ? (സൂക്ഷിച്ചു)

ആ—എൻെറ പുറകേ അവർ നിഴലുപോലെ കൂടിയിരുന്നോ.

സ—അകത്തേയ്ക്കു നീങ്ങിക്കൊള്ളു. (മുന്നോട്ടുനോക്കി) ഹിന്ദ്!

(ആബു അകത്തേയ്ക്കു നീങ്ങുന്നു)
(ജയ് എന്ന ശബ്ദം മറുപടിയായി കേൾക്കുന്നു.)!

സ—ബഷീർ തന്നെ പോരുക പുറത്തേയ്ക്കു പോരൂ.

(ആബു പുറത്തു വരുന്നു)

ആ—ഞാൻ ഭയന്നുപോയി.

(ബഷീറും സൌദാമിനിയും പ്രവേശിക്കുന്നു. സൌദാമിനി ദേഹം മുഴുവൻ ഒരു വസ്ത്രംകൊണ്ടു മൂടിയിരിക്കുന്നു.)

സതീ:-ജയ്ഹിന്ദ്!

ബഷീർ:-ജയ്ഹിന്ദ്! ഇതാ ഈ കവർ നോക്കാം! അതിൻെറസമ്മാനവുംഞങ്ങുതരണം.

സതി:-അതിഥിയെ ഉപചരിച്ചിട്ടാവട്ടെ! (കവർ വാങ്ങുന്നു.)


(ശേഷം 12-ാം പേജിൽ)


## വിഷയവിവരം.


1 കൊടുംകാററ് (ഏകാങ്കം) കെ. രാമകൃഷ്ണപിള്ള.
2. റാണിയുടെ കാമുകൻ (ചെറുകഥ) ആർ. എസ്. കുറുപ്പ്
3. ഹവരുടെ മനസ്സ് അലിയുമോ?-വറുഗീസ് കളത്തിൽ
4. സ്വാതന്ത്ര്യം-പെൻകുന്നം വർക്കി
5. നോവൽ പംക്തി
6. ചില്ലറ-സൈജസ്)
7. പടച്ചവൻ പണിമുടക്കണം.-വിനോദം-മീശാൻ
8. റെയിൽവെ പണിമുടക്ക്-കെ.. എ. നമ്പ്യാർ .



പ്രസന്നകേരളം
ദേശീയവാരിക
പുസ്തകം-18 ലക്കം 8
23-6-46
വില അണ 2

പൊൻകുന്നം വർക്കി

# സ്വാതന്ത്ര്യം

പ്രഭോ, അവിടുന്ന് എനിക്ക്, എന്തൊക്കെത്തന്നാലെന്ത്; എത്രമാത്രം പൂജനീയനായാലെന്ത്; ഞാൻ ഒരു അടിമയായിരിക്കുന്നതാണ്, അവിടുത്തേക്ക് ഇഷ്ടമെങ്കിൽ, അങ്ങയുടെ മഹാമനസ്കതയെ ഞാൻ മാനിക്കുന്നില്ല. പ്രഭുത്വത്തെ ബഹുമാനിക്കുന്നില്ല. എന്റെ അടിമത്തത്തിലാണ്, അവിടത്തെ വിജയപതാക പാറേണ്ടതെങ്കിൽ അവിടെ ഒരു വിപ്ലവമായി പടർന്നു കയറുവാൻ എന്റെ ആത്മാവ് കുതിക്കുന്നു.

അങ്ങ് ഒരു യജമാനനായി എന്റെ മുമ്പിൽ നീണ്ടുനിവർന്നു നിൽക്കുമ്പോൾ അവിടുത്തേക്കായി എന്റെ കൈയിൽ ഒന്നുമില്ല. ഞാൻ നിസ്വനായിരിക്കാം; എന്റെ പിച്ചപ്പാത്രം ശൂന്യമായിരിക്കാം; എങ്കിലും അഭിമാനസമ്പത്തിൽ ഞാൻ, അങ്ങയെക്കാൾ കുബേരനാണ്. അവിടുത്തേക്കായി എന്നിൽ സ്ഥിതിചെയ്യണമെന്ന്, അങ്ങു ആഗ്രഹിക്കുന്ന ആത്മപീഠം, അമൂല്യമായ സ്നേഹത്തിന്റെ കനകനീരാളത്താൽ അലംകൃതമായ ഒന്നായിരുന്നെങ്കിൽ! എങ്കിൽ, എല്ലാ നന്ദികേടിനേയും ഞാൻ മറക്കുമായിരുന്നു, യാതനകൾ സഹിക്കുമായിരുന്നു.

സ്വാതന്ത്ര്യം!! ഹാ! മാധുര്യം തുളുമ്പുന്ന ആ അനുഗ്രഹം!!! അത് എന്റെ ആത്മാവിന്റെ അധരത്തിൽ നിശ്ശബ്ദമായി അമർന്നിരിക്കുന്ന പ്രണവമാണ്, എന്റെ മാനസിക സംതൃപ്തിയുടെ വിരുന്നുശാലയാണ്, മനുഷ്യത്വത്തിന് നിർഭയം വിശ്രമിക്കുവാനുള്ള വിഹാരഭൂമിയാണ്; ജീവിതത്തിന്റെ യാനപാത്രമാണ്; ശരീരത്തിന്റെ കോരിത്തരിപ്പാണ്; ദാഹശമനത്തിനുള്ള കുളിർ നീരണിഞ്ഞ തടാകമാണ്. ഒരു പൂഞ്ചോലയുടെ ചുറുചുറുപ്പും, പുഞ്ചിരിയുടെ മാധുര്യവും, ശരൽക്കാലമേഘത്തിന്റെ വിശുദ്ധിയും, ആഴിയുടെ അനന്തതയും നിശിതായുധത്തിന്റെ മൂർച്ചയും അതിനുണ്ട്.

അഹിംസയുടെയും, ജീവകാരുണ്യത്തിന്റെയും വിശുദ്ധസൗരഭ്യം അലയടിച്ചു നിൽക്കുന്ന ഈ പുണ്യാരാമത്തിൽ കണ്ണു തുറന്നതു മാത്രമാണ്; എന്റെ മനുഷ്യത്വത്തിന്റെ അഭിമാനകാരണം. ആ പുല്ലാങ്കുഴലിൽനിന്നുതിർന്നു, വിശ്വതലത്തെ കോൾമയിർക്കൊള്ളിച്ച ഗീതമൊട്ടിട്ടുനിൽക്കുന്ന ഈ ഉപവനം പരതന്ത്രമാണെന്നറിഞ്ഞപ്പോൾമുതൽ എന്റെ ആത്മാവ് ഞെരുങ്ങിത്തുടങ്ങി. വിങ്ങിപ്പൊട്ടിക്കരയുന്ന ആഴിയലകൾ, ഇ? [illegible] ഉണർത്തിക്കൊണ്ടിരുന്നു. പവിത്രമായ ആർഷസംസ്കാരത്തെ വിളിച്ചറിയിക്കുവാൻ തലയുയർത്തിയ ആ പർവ്വതരാജാവിന്റെ മുഖം വിഷാദഭാരത്താൽ കുനിക്കപ്പെട്ടിരിക്കുന്നു. ആ മഹാരഥന്റെ ഹൃദയത്തിൽ നിന്നു പുറപ്പെടുന്ന ധമനികളിലെ വിശുദ്ധരക്തം കൂടെക്കൂടെ ഉറഞ്ഞുപോകുന്നു.

ലോകോത്തരമായ ധർമ്മത്തിന്റെ മംഗളകാഹളമുയർന്നേടത്ത്, എന്തിന് ഈ പാരതന്ത്ര്യമെന്നു ഞങ്ങൾ അറിയുന്നില്ല. എന്തിന്, ഈ അവമാനം സഹിക്കണമെന്ന്, ഞങ്ങൾക്കു മനസ്സിലാകുന്നില്ല. പരതന്ത്രമായ രാജ്യത്തിന്റെ സമ്പൽസമൃദ്ധിയെക്കാൾ എത്ര ധന്യമല്ല, സ്വതന്ത്രമായ മരുഭൂമിയുടെ ശൂന്യത. അടിമയായ മനുഷ്യനെക്കാൾ എത്ര ഉൽകൃഷ്ടനാണ്., നീലവിഹായസ്സിൽക്കൂടി സ്വച്ഛന്ദം സഞ്ചരിക്കുന്ന സ്വതന്ത്രനായ ആ പക്ഷി. ഇരുളിൽ ചിരകാലമുള്ള ജീവിതത്തേക്കാൾ എത്ര മഹനീയമാണ്, പ്രകാശമേറിയ തീയിൽക്കൂടിയുള്ള ഈയലിന്റെ ആമരണം. അടിമയായ സൂര്യന്റെ ഗരിമാവിനെക്കാൾ ശ്രേഷ്ഠം, സ്വതന്ത്രനായ മിന്നാമിനുങ്ങിന്റെ അണിമാവാണ്. കാരാഗൃഹത്തിൽ നിൽക്കുന്ന പർവ്വതത്തിന്റെ അനശ്വരതയെക്കാൾ ധന്യം, മിന്നലിന്റെ ക്ഷണികതയാണ്. അതെ, പാരതന്ത്ര്യത്തിന്റെ സുഭിക്ഷിതയേക്കാൾ മാധുര്യം സ്വാതന്ത്ര്യത്തിന്റെ ദാരിദ്ര്യത്തിനാണ്. പ്രപഞ്ചത്തിന്റെ പ്രാണമരുത്താണു, സ്വാതന്ത്ര്യം, വളർച്ചയുടെ പെരുവഴിയാണ് സ്വാതന്ത്ര്യം അഭിമാനത്തിന്റെ ഹൃദയസ്പന്ദനമാണ്, സ്വാതന്ത്ര്യം. സ്വാതന്ത്ര്യം, ഒരു പർവ്വതമാണെങ്കിൽ, അതിന്റെ മൗലിയിൽ ഉയരുന്ന കൊടുമുടിയാണ് ജീവിതം.

ചക്രവാളത്തിന്റെ താഴ്‌വരയിൽനിന്ന് ആ പ്രഭാത നക്ഷത്രം, പരതന്ത്രനായ എന്നെനോക്കിപ്പറയാറുണ്ട് — "പൗരുഷഹീനനായ സ്നേഹിതാ, ചൂടും വെളിച്ചവും, പ്രാണവായുവും നിറഞ്ഞ അന്തരീക്ഷത്തിൽ ദിവസങ്ങളുടെ മദ്ധ്യത്തിൽ വീണിരിക്കുന്ന ഒരു വിക്ഷേപിണിമാത്രമാണ് നീ. ഈ പരിഹാസകാവ്യം കേട്ട പറവച്ചാത്തുകൾ ചില്ലിക്കൊമ്പുകളിലിരുന്നു കിലുകിലെ ചിരിക്കാറുണ്ട്. കിഴക്കൻമലകളുടെ കവിൾത്തടങ്ങളിൽ ഒരു പുഞ്ചിരിയും നിഴലിക്കയായി. പൂവണിഞ്ഞ നീലപ്പുലരികുഴലോടുകൂടി, വൃക്ഷച്ഛായകളുടെ ഇടയിൽനിന്നു നടന്നടുക്കുന്ന അതിയുടെ കവിൾത്തട്ടിലും ആ പരിഹാസപ്രദ ഞാൻ കാണാറുണ്ട്. വളഞ്ഞ നട്ടെല്ലോടും, കുനിഞ്ഞ മുഖത്തോടുംകൂടി നിൽക്കുന്ന ഞാൻ ജീവിതത്തിന്റെ മുമ്പിലെ ഒരു വിക്ഷേപിണിമാത്രമായിത്തീർന്നിരിക്കുന്നു." ജനനമരണങ്ങളുടെ മദ്ധ്യത്തിൽ സാക്രതമുയന്ന ജീവിതത്തെ മരവിപ്പിക്കുന്ന നെറികെട്ട പാരതന്ത്ര്യമെ, നിന്റെ കടയ്ക്കൽ ഒരു ചുഴലിക്കാററായി ഉയരുവാൻ എന്റെ ആത്മാവ് ത്വരിക്കുന്നു, നിന്റെ ശിരസ്സിൽ ഒരു ഇടിത്തീയായി പടർന്നു കത്തുവാൻ എന്റെ ആത്മാഭിമാനം കുതിക്കുന്നു. നിന്റെ ഗളനാളത്തിൽ മൂർച്ചയുള്ള ഒരു വാളായിത്താഴുവാൻ എന്റെ മനുഷ്യത്വം കൊതിക്കുന്നു.

സ്വതന്ത്രമായ വസന്തംഉദ്യാനത്തിൽ കയറിനിന്നു കാഹളമൂതുന്നു. പുഷ്പങ്ങൾ ആ പ്രഭാകേന്ദ്രത്തിനു മുമ്പിൽ സ്വതന്ത്രമായി കണ്ണുതുറക്കുന്നു. തളിരിലകളിൽ കിക്കിളിയിളക്കിക്കൊണ്ട് മന്ദമാരുതൻ സ്വതന്ത്രമായി സഞ്ചരിക്കുന്നു. മനുഷ്യാത്മാവിനെ തലോടിത്തണുപ്പിക്കുന്ന സ്വതന്ത്രമായ ഒരു സൗരഭ്യമായി ഉയരുവാൻ എന്റെ ജീവിതം പിടയുന്നു. പ്രഭോ, പരതന്ത്രരായ ഞങ്ങൾ അധോമുഖരായിനിന്നു നെടുവീർപ്പിടുന്നു. ഹാ! നിശ്ശബ്ദങ്ങളായ ഈ നെടുവീർപ്പുകളുടെ ഉള്ളിൽ തങ്ങിനിൽക്കുന്ന തീപ്പൊരികൊണ്ടു ഞങ്ങളുടെ യജമാനന്മാരുടെ പാദപീഠങ്ങളിൽ ഒരു കാട്ടുതീ അവിടുന്നുഊതിക്കത്തിച്ചാലും.

---

ണിമുടക്ക നിശ്ചയത്തിൽ അനുകൂലിച്ചും സഹായവാഗ്ദാനം ചെയ്തും കിളികൊല്ലൂർ സംഭവങ്ങളെ പ്രതിഷേധിച്ചും ചെത്തുതൊഴിലാളികളുടെ അവശതാപരിഹാരത്തിനാവശ്യമായ നിശ്ചയങ്ങൾ ചെയ്തും പ്രമേയങ്ങൾ പാസ്സാക്കി. സമ്മേളനത്തിൽ വേളൂർ സാംസ്കാരികകേന്ദ്രം അദ്ധ്യേതാക്കളുടെ കലാപ്രകടനങ്ങളുമുണ്ടായിരുന്നു.


## ഡിലേഴ്സ് ബാങ്ക്

കോട്ടയം

സ്വർണ്ണം അംഗീകൃതങ്ങളായ കച്ചവടച്ചരക്കുകൾ മുതലായവയുടെ ഈടിന്മേൽ പണം കടം കൊടുക്കുക, ഫിക്സഡ് കറന്റ്, സേവിങ്ങ്സ് ഡിപ്പോസിററുകൾ സ്വീകരിക്കുക, മുതലായ എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും മിതമായ നിരക്കിൽ നടത്തപ്പെടുന്നതാണ്.

V. C. Lukose
Vetteel
Sole Proprietor

## ആരോഗ്യദായനി വൈദ്യശാല (Regd.)

H. O. എറണാകുളം

ശാഖകൾ

1. പച്ചാളം. 2. ബ്രോഡ്‌വെ. 3. കോമ്പാറ.
4. പെരുമാന്തുർ. 5. തൃപ്പൂണിത്തുറ. 6! ഇരിങ്ങാലക്കുട.

പ്രൊപ്രൈററർ

കെ. കെ. കോരുണ്ണിവൈദ്യർ

യാഥാർത്ഥ ഔഷധമൂലികകളെക്കൊണ്ട് ശാസ്ത്രവിധിപ്രകാരം സംസ്കരിച്ചിട്ടുള്ള എല്ലാ ആയുർവേദ ഔഷധങ്ങളും ഇവിടെ കിട്ടുന്നതാണ്.

## കിരണ

കണ്ണുകുഴിഞ്ഞു്, കവിൾഒട്ടി, വിളർത്ത് വിരൂപികളാകുന്നതിനുമുമ്പ്, ശരീരത്തിലെ എല്ലാ ദോഷങ്ങളെയും ശമിപ്പിച്ച്, രക്തശുദ്ധിവരുത്തി ആരോഗ്യത്തെഉണ്ടാക്കി യൗവനത്തെ നിലനിറുത്തുന്ന ഈ സിദ്ധൗഷധം സേവിപ്പിൻ. കാസം, ശ്വാസം, ക്ഷയം മുതലായ രോഗങ്ങൾക്ക് വിശിഷ്ടം.

16 ഔൺസ് കുപ്പിക്ക് 4ക.

## ബാലാമൃതം

ശിശുക്കൾ രോഗബാധിതരാവാതെ ഓജസ്സും തേജസ്സും ഉള്ളവരാക്കിത്തീർക്കുന്നു.

ഗ്രഹണി, ശൂല, കരപൻ, വിളർച്ച മുതലായ രോഗങ്ങളെ നശിപ്പിച്ച് രക്തശുദ്ധിവരുത്തും. ശോധനക്രമീകരിച്ച് ആരോഗ്യത്തെ ഉണ്ടാക്കും.

16 ഔൺസ് കുപ്പിക്ക് 2ക. 8ണ.

AROGYA DAYINI VYDYA SALA (Regd.)
Ernakulam.

മീശാൻ

# പടച്ചവൻ പണിമുടക്കണം

(ഹാസ്യലേഖനം)

"പണിമുടക്കം! പണമെടുക്ക്!" എന്ന ഭീതിമന്ത്രം ഉച്ചത്തിൽ ഉച്ചരിച്ചുകൊണ്ട് തീവണ്ടി മുമ്പോട്ടു പായുമ്പോൾ എന്റെ ചിത്തം തുടിക്കുകയാണ്.

തൊഴിലാളികൾ പണിമുടക്കിയാൽ- മുതലാളിമാർ അതിൽ വിമുഖത കാണിച്ചാൽ-സർക്കാർ അതു ശ്രദ്ധിക്കാതിരുന്നാൽ- തൊഴിലാളിത്തലവന്മാർ കാലുറപ്പിച്ച് മുന്നണിയിൽ സധൈര്യം തലയുയർത്തി നിലകൊണ്ടാൽ- അധീശശക്തി ദുർവാശിപിടിച്ചാൽ- തൊഴിലാളികളുടെ മേലധർജ്ജനത്തിൽ മുതലാളിമാർ മയിലിനേപ്പോലെ വിറകൊണ്ടാൽ- തീവണ്ടികൾ കട്ടിക്കരിംപുകകൾ വമിച്ചുകൊണ്ടോടാതിരുന്നാൽ- എന്റെ കരളേ! ഞാനീ ഗുല്മാല്പിടിച്ച ദുനിയാവിലെങ്ങനെ കഴിയും. അരിയും മണ്ണെണ്ണയും പഞ്ചസാരയും തുണിയും ആവശ്യത്തിനുപോലും ഇല്ലെന്നു പറയുന്ന ഈ വിഷമസന്ധിയിൽ അല്പമെങ്കിലും മനഃസുഖമുണ്ടാവണമല്ലോ എന്നു കരുതി ഒരു മാർഗ്ഗം തേടിയപ്പോൾ അതും ഈ വരുന്ന ജൂൺ 27-ാംനു- തടയുമെന്നു തോന്നുന്നു- എന്റെ ജൂൺ ഇരുപത്തിഏഴേ! ഭവതി തൽക്കാലം ഇപ്പോൾ നിൽക്കുന്ന ദിക്കിൽ തന്നെ നിൽക്കണേ! ഈശ്വരാ! ആ ദിനം വരാതിരുന്നാൽ റെയിൽവേക്കാരുടെ പണിമുടക്കുണ്ടാവില്ലല്ലോ. ജൂൺ 27 എന്നു വാക്കുപറഞ്ഞിട്ടു ഇനി അതിനു മാറ്റം വരുത്തുമോ? ഏയ് തൊഴിലാളികൾക്കു വാക്കിനു വ്യവസ്ഥയുണ്ട്. ആ ദിനം ആഗതമായാൽ അതിനപ്പുറം എനിക്കു ചിന്തിക്കാൻപോലും ത്രാണിയില്ല.

പൗഡർ, സ്നോ, ഹെയർ ഓയിൽ, സിഗററ്റ് ഇത്യാദി ഇന്നത്തെ ചെറുപ്പക്കാർക്കാവശ്യമുള്ള സാധനങ്ങളൊന്നും പിന്നീടു ലഭിക്കാതാകും. ബ്ലേഡിന്റെ കാര്യം ഓർക്കുമ്പോഴാണ് എന്റെ മുഖം വാടുന്നത്, ഹൃദയം നീറുന്നത്. ദിവസവും കറഞ്ഞത് ഒരു തവണയെങ്കിലും ഷേവ് ചെയ്തില്ലെങ്കിൽ നാലുപേരുടെ മുഖത്തു നോക്കി എങ്ങനെ സംസാരിക്കും. എങ്ങിനെ സായാഹ്നസവാരിക്കിറങ്ങും. എന്തൊരു ദുരിതമാണീശ്വരാ വരാൻപോകുന്നത്.

ഇതെല്ലാം സഹിക്കാം. ഇതിലുപരിയായി ഒരു കാര്യം നിലവിലുണ്ട്. അതിനി... എന്തിനു വിസ്തരിക്കുന്നു. അന്നു ഞാൻ ഉപദേശിച്ചതാണ് ഇവിടെയെങ്ങാനും പഠിച്ചാൽ മതിയെന്ന്. അതു കേൾക്കേണ്ടേ? എന്റെ ഉപദേശം വകവയ്ക്കാതെ സ്വാഭിപ്രായംപോലെ പ്രവർത്തിച്ചു. അതിന്റെഫലം ഇനിയാണ് അനുഭവിക്കാൻപോകുന്നത്.

ആഴ്ചയിൽ ഒരെഴുത്ത് മുടങ്ങാതെ എനിക്ക് ഇപ്പോഴും അയച്ചുതരുന്നുണ്ട്. ആ എഴുത്തു വായിച്ചുവായിച്ചു ഞാൻ ആനന്ദമടയാറുമുണ്ട്.

അതിലെ മധുരവാക്കുകൾ എന്റെ വികാരങ്ങളെ പിരിച്ചുമുറുക്കാറുമുണ്ട്. പക്ഷെ ഇനി പറഞ്ഞിട്ടെന്തു വിശേഷം. അന്നു ഞാൻ ഉപദേശിച്ചപ്പോൾ ആ മുഖത്ത് എന്തൊരു ഗാംഭീര്യമാണു ഞാൻ ദർശിച്ചത്. ശരിയാണ്. എനിക്കെന്തധികാരമാണുള്ളത്. എങ്കിലും എന്റെ അധികാരത്തിനു അധികം കാലം അടങ്ങിയിരിക്കേണ്ടിവരില്ല. അന്നു ഞാൻ തെളിഞ്ഞിരുന്നു ചോദിക്കും. "ഇപ്പോഴോ" എന്ന്. അതുകേട്ട് ലജ്ജാവനമ്രയായി നിൽക്കുന്ന ആ കാഴ്ച എനിക്കൊന്നു കാണണം. കണ്ടു രസിക്കണം.

തീവണ്ടിമാർഗ്ഗമല്ലാതെ എന്റെ പ്രണയലേഖനങ്ങൾ ആ സ്ഥാനത്തിലെത്തിച്ചേരില്ല. ഈ യാന്ത്രികന്മാർ ഉറക്കം തുടങ്ങുകയാണോ. അവർക്കെന്തുകൊണ്ട് സിമ്പിൾ മെക്കാനിസത്തിൽ ഓടുന്ന തീവണ്ടികളും ഇതരയന്ത്രങ്ങളും കണ്ടുപിടിച്ചുകൂടാ. യന്ത്രങ്ങൾ പുതിയ തോതിൽ ധാരാളം ഉണ്ടായിക്കൊണ്ടിരുന്നാൽ തൊഴിലാളികളുടെ എണ്ണം ചുരുക്കാം. അവരുടെ പണിമുടക്കുകുഴപ്പങ്ങൾ ഇല്ലാതാക്കാം. ഒരൊറ്റ ബട്ടൺ അമർത്തിയാൽ സകല യന്ത്രങ്ങളും നമ്മൾ ഉദ്ദേശിക്കുന്ന രീതിയിൽ പ്രവർത്തിക്കണം. എങ്കിൽ എത്ര നന്നായി.

തൊഴിലാളിത്തേനീച്ചക്കൂട്ടിൽ കല്ലെറിയുന്ന ചില യോഗ്യന്മാരുണ്ട്. അവരാണ് യഥാർത്ഥ കരിങ്കാലന്മാർ. ഇവർ സൂത്രത്തിൽ ഒരു കല്ലെറിയും. തേനീച്ചകളെല്ലാം പുറത്തേക്കു വലിയ ആരവത്തോടെ കൂട്ടമായി ഇറങ്ങും. അവർ ബഹളങ്ങൾ ഉണ്ടാക്കും. മുതലാളിമാരുടെ നേർക്കു പായും. ആ തക്കംനോക്കി ആ കൂട്ടിലെ തേൻ മുഴുവൻ കരിങ്കാലൻ അപഹരിക്കുകയും ചെയ്യും. സാധുക്കളായ തൊഴിലാളിമാരുണ്ടോ ഈ പരമമായ രഹസ്യമറിയുന്നു. തൊഴിലാളിത്തലവന്മാരുടെ ഇടയിലും കരിങ്കാലന്മാർ ദുർല്ലഭമല്ല. മറ്റു നേതാക്കന്മാർ സൂക്ഷിക്കണം. അതൊക്കെ പോകട്ടെ. ഈ ക്ഷാമം പിടിച്ചകാലത്ത് ഭക്ഷണസാധനങ്ങൾ ഒരുദിക്കിൽനിന്നും മറ്റൊരു ദിക്കിലേക്കു കൊണ്ടുപോകേണ്ട തിടുക്കത്തിനിടയിൽ റെയിൽവെക്കാർ പണിമുടക്കിയാൽ- ഹരഹരോ ഹര.

ഈശ്വരാ എത്ര ദിവസം, ഈ പണിമുടക്കു നീണ്ടുനിൽക്കുമെന്നറിഞ്ഞാൽ സമാധാനമായി. എന്റെ പ്രിയതമയുടെ ആ മനംമയക്കുന്ന പ്രണയലേഖനങ്ങൾ ലഭിക്കാതെ എത്രനാൾ ഞാൻ ദുഃഖിക്കേണ്ടിവരും. ജൂൺ ഇരുപത്തിയേഴ്! അതിനകം അധീശശക്തി അനുകമ്പ പ്രദർശിപ്പിക്കാതിരിക്കയില്ല. അവർ തൊഴിലാളികളുടെ ആവശ്യങ്ങൾ നിറവേറ്റാതിരിക്കില്ല. അവർ തൊഴിലാളികളുടെ ആവശ്യം നിറവേറ്റാതിരിക്കില്ല. കാൺഗ്രസ്സ് ഭരണമല്ലേ. എന്തെങ്കിലും മെച്ചമുണ്ടാകാതെ തരമില്ല.

തൊഴിലാളികൾക്കു ശമ്പളം വർദ്ധിപ്പിച്ചാൽ നഷ്ടം നേരിടുമെന്നു ഭയപ്പെടുന്ന മുതലാളിമാർ ഒന്നു ധരിക്കണം. തൊഴിലാളിയില്ലെങ്കിൽ ദുനിയാവില്ല, ദുനിയാവില്ലെങ്കിൽ ആരുമില്ല. അതുകൊണ്ടു ജൂൺ ഇരുപത്തിഏഴ് ഒരു ശാന്തദിനമായി ഭവിക്കട്ടെ.

കാമുകീകാമുകന്മാരുടെ പ്രണയലേഖനങ്ങൾ വഹിച്ചുകൊണ്ടു അവരുടെ മേനി മിനുക്കാനുള്ള സാധനങ്ങൾ അതാതിടത്തു എത്തിച്ചുകൊണ്ടു "പണിമുടക്കം! പണമെടുക്ക്!" എന്ന മന്ത്രമുച്ചരിച്ചുകൊണ്ടു തീവണ്ടികൾ അഹോരാത്രം ഓടിക്കൊണ്ടിരുന്നില്ലെങ്കിൽ അഖിലഭാരതകാമുക തൊഴിലാളിമാരുടെ ഭയങ്കരമായ ഒരു പണിമുടക്കുണ്ടാകും. അവർ സത്യാഗ്രഹം ആരംഭിക്കും. അങ്ങനെ വരുമ്പോൾ ഈ ദുനിയാവിലെ കാമുകീകാമുക കേന്ദ്രസ്ഥാനങ്ങളായ ദേവാലയങ്ങൾ വെറും ശൂന്യതയിൽ നിലകൊള്ളും. പടച്ചവൻ ഒറ്റക്കിരുന്നു വിഷമിക്കും. ഉൽസവങ്ങൾ മുടങ്ങും. നേർച്ചകൾ ഇല്ലാതെയാകും. പടച്ചവനു കോപം വരും. പടച്ചവൻ പമ്പിരികൊള്ളും. പണിമുടക്കും.

പടച്ചവൻ പണിമുടക്കണമെന്നാണെന്റെ ആഗ്രഹം. പടച്ചവൻ പണിമുടക്കിയാൽ കാലചക്രം തിരിയുകയില്ല. ലോകം മുന്നോട്ടു പായുകയില്ല. അങ്ങനെ പടച്ചവന്റെ ഫാക്ടറിയായ ഈ ദുനിയാ ലാക്കൗട്ടിലുമാകും. അപ്പോൾ കരിങ്കാലന്മാർ കാലുതെറ്റി നിലം പതിക്കും. കരിഞ്ചന്തക്കാരുടെ ഹൃദയ ബൾബുകൾ ഫ്യൂസായിത്തുടങ്ങും. കമ്പനി ഉടമസ്ഥന്മാരുടെ കണ്ണുകൾ പുറത്തേക്കു തള്ളിത്തുടങ്ങും. ഇതെല്ലാം കണ്ടു തൊഴിലാളി പൊട്ടിച്ചിരിക്കും. അവസാനം ഇങ്ങനെ ഒരു ദുനിയാ താൻ പടച്ചുവെന്നതിനു ലക്ഷ്യം വഹിക്കാൻ പടച്ചവന്റെ മുറിയിലെ ഭിത്തിയിൽ തൂങ്ങുന്ന കലണ്ടറിൽ ഈ ദുനിയാവിന്റെ ഒരു ചിത്രം മാത്രമവശേഷിക്കും. അങ്ങനെ ഹലാക്കവസാനിക്കും.

ജൂൺ 27 !!!?
!

---

## ഹൂവറുടെ മനസ്സ് തിരിയുമോ?

(4-ാം പേജിൽനിന്നു തുടർച്ച)

വുംതന്നെകിലാണ് ബന്ധപ്പെട്ടിരിക്കുന്നത്. നമുക്കു അമേരിക്കയോ ബ്രിട്ടനോ ഭക്ഷണം നൽകുകയാണെങ്കിൽ, അതു നമ്മെ ജീവിപ്പിക്കാനും സ്വതന്ത്രരാകുവാനുമല്ല; രാഷ്ട്രീയമായി ബന്ധിക്കുവാനും അമർത്തുവാനും ആണ്.

ഒന്നാം ലോകമഹായുദ്ധത്തിനുശേഷം ഭക്ഷണത്തെ ആയുധമാക്കിക്കൊണ്ടു ഹൂവറുടെ നേതൃത്വത്തിൽ അമേരിക്ക ഒരു വമ്പിച്ച സമരം നടത്തി. അദ്ദേഹത്തിന്റെ വിസ്മയാവഹമായ പരാക്രമങ്ങളെപ്പറ്റിയുള്ള സ്മരണ ഇപ്പോഴും യൂറോപ്പിൻ ജനതകളെ വിറപ്പിക്കുവാൻ പര്യാപ്തമാണ്.

---

അടുത്തലക്കത്തിൽ
"ജാഥയ്ക്കുശേഷം"
ഗോപിയുടെ
ഹാസ്യലേഖനം

---


പ്രസന്നകേരളം
കളരിക്കൽ ബസാർ കോട്ടയം.

വരിസംഖ്യ

| | |
|---|---|
| ഒരാണ്ടത്തേക്ക് | 6 ക |
| ആറുമാസത്തേക്ക | 3 ക |
| മൂന്നുമാസത്തേക്ക | ഒന്നരക |

മാനേജർ



പ്രതീക്ഷിപ്പിൻ പ്രതീക്ഷിപ്പിൻ

ചങ്ങമ്പുഴയുടെ അടുത്തകൃതി

യവനിക

(ഭാവസുന്ദരങ്ങളായ അനേകം ചിത്രങ്ങൾ കോർത്തിണക്കിയിട്ടുള്ള ഒരു ശോകാത്മക കാവ്യം)

[അച്ചടിച്ചുവരുന്നു]

പ്രസാധകന്മാർ:—

മംഗളോദയം ലിമിറ്റഡ്
തൃശ്ശിവപേരൂർ

# റെയിൽവെ പണിമുടക്ക്

കെ. അനന്തൻ നമ്പ്യാർ എം. എൽ. എ. (മദ്രാസ്)

(ജനറൽ സെക്രട്ടറി. സൌത്ത് ഇൻഡ്യൻ റെയിൽവെ ലേബർ യൂണിയൻ)

ജൂൺ 27-ാംനു സമീപിക്കുന്തോറും റയിൽവെ ബോർഡിന്റെയും ഇൻഡ്യാ ഗവർമ്മെണ്ടിന്റെയും നില വിചിത്രമായിവരുന്നു.

സർ എഡ്‌വർഡ് ബന്താൾ (റയിൽവെയുടെ സർവാധികാരി) തൊഴിലാളികളുടെ അടിയന്തിരാവശ്യങ്ങൾ സാധിച്ചുകൊടുക്കുന്നതിനു കോടിക്കണക്കിനു പണം വേണമെന്നും അതുകൊണ്ടു പൊതുജനങ്ങൾക്കു താൻ ചെയ്‌വാൻ ഉദ്ദേശിച്ചിരിക്കുന്ന സൌകര്യങ്ങൾ നിർത്തൽ ചെയ്യേണ്ടിവരുമെന്നും കൂടാതെ റയിൽവെ ചാർജ് ഉയർത്തേണ്ടതായിരിക്കുമെന്നും ഒരു ദുഷ്പ്രചരണം ആരംഭിച്ചിരിക്കുന്നു.

നമ്മുടെ ജനങ്ങൾക്കു വളരെ കുറഞ്ഞ ചാർജിൽ അധിക സൌകര്യങ്ങളോടെ പരിഷ്കൃതരീതിയിൽ റയിൽവെ പോക്കുവരത്തിനെ പുനഃസംഘടിപ്പിക്കണമെന്നാണ് തന്റെ ഉദ്ദേശമെന്നു ഉത്തമനെപ്പോലെ പറയുന്നു. സർ എഡ്‌വർഡ് ബന്താൾ; വാസ്തവം എന്താണ്?

തേയ്മാനനിധി

ഈ ആണ്ടത്തെ റയിൽവെ ബഡ്ജററ് അനുസരിച്ചു, തേയ്മാനനിധിയിലേയ്ക്കു 101 കോടി രൂപാ നീക്കിവച്ചിരിക്കുന്നു. ആപൽസഹായനിധിയിലേക്കു പതിനേഴര കോടിയും; അഭിവൃദ്ധിനിധിയിലേയ്ക്കു 12 കോടിയും ചേർത്തിരിക്കുന്നു. ഇപ്രകാരം പല പേരുകൾ പറഞ്ഞു റയിൽവെ വരവിൽനിന്നും ഏകദേശം 130 കോടി രൂപാ മാററിവച്ചിരിക്കുന്നു. തേയ്മാനനിധിയും, ആപൽസഹായനിധിയും, അനാവശ്യമാണെങ്കിലും വാദത്തിനുവേണ്ടി ആവശ്യമെന്നു സമ്മതിക്കാം. ഗവർമ്മെന്റിനാൽ നിയോഗിക്കപ്പെട്ടതും 3 യൂറോപ്യന്മാർ മാത്രം അടങ്ങിയിട്ടുള്ളതുമായ കമ്മററിയുടെ അഭിപ്രായം അനുസരിച്ചു ഈ നിധിക്കു ഏററവും കൂടിയ തുക 80 കോടി ആണ്. എന്നാൽ ഇപ്പോൾ അതിൽനിന്നുപോലും 50 കോടി രൂപാ കൂടുതലാണ് ഈയാണ്ടത്തെ ബഡ്ജററിൽ ഉൾപ്പെടുത്തിയിട്ടുള്ളതു്. യന്ത്രങ്ങളുടെ അററകുററപ്പണിക്കുവേണ്ടി മാത്രം ഇത്ര അധികം പണം നീക്കിവയ്ക്കാമെങ്കിൽ, വെറും അസ്ഥികൂടം മാത്രമായി ശേഷിച്ചിട്ടുള്ള ജീവനക്കാർക്ക് കുറച്ചു സംഖ്യ നീക്കിവച്ചുകൂടെ? 50 കോടി രൂപാ അധികമായി ഉൾപ്പെടുത്തിയിട്ടുള്ളതിൽനിന്നും കുറച്ചെങ്കിലും ജീവനക്കാരുടെയും പൊതുജനങ്ങളുടെയും ആവശ്യത്തിലേക്ക് വിനിയോഗിച്ചുകൂടെ?

ഇപ്പോൾ റെയിൽവെ തൊഴിലാളികളുടെ പണിമുടക്കിനെ ഉടയ്ക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്ന ആ നിധിയുടെ ഒരംശം മാത്രം ചിലവുചെയ്താൽപോരെ ഈ പണിമുടക്ക് ഒഴിവാക്കുന്നതിന്? പൊതുജനങ്ങളുടെ കഷ്ടതകൾ തീർക്കുന്നതിന്?

പൊതുനിധി

ഇൻഡ്യാ ഗവർമ്മെന്റിന്റെ പൊതുനിധിയിലേയ്ക്ക് 7 കോടി രൂപാ റെയിൽവെ വരവിൽനിന്നും ആണ്ടുതോറും എടുക്കുക പതിവാണ്. എന്നാൽ 6 കൊല്ലത്തെ യുദ്ധകാലത്തേയ്ക്ക് 158 കോടി രൂപാ സെൻട്രൽ ഗവർമ്മെന്റു് കപ്പമായി റയിൽവേയിൽനിന്നും എടുത്തിരിക്കുന്നു. അതായത് 116 കോടി അധികമായി എടുത്തിരിക്കുന്നു.

ഇതിൽ മുൻകാലങ്ങളിൽ കുടിശ്ശികയായിരിപ്പായെന്നു പറയപ്പെടുന്ന തുക കൊടുത്താൽ തന്നെ 50 കോടിയിൽ കൂടുതൽ പൊതുനിധിയിലുണ്ട്. ഇങ്ങനെ ആകെയുള്ള 100 കോടി രൂപാ യാത്രക്കാരുടെ സൌകര്യങ്ങൾക്കുവേണ്ടി ഉപയോഗിച്ചുകൂടെ? റയിൽവെജീവനക്കാരുടെ അടിയന്തിരാവശ്യങ്ങൾ സാധിച്ചുകൂടെ? ഇതിനു റയിൽവേ ചാർജ് ഉയർത്തേണ്ട ആവശ്യമുണ്ടോ? വേണമെങ്കിൽ സ്വല്പം കുറച്ചുകൂടെ?

റയിൽവേയിൽനിന്നു കിട്ടുന്ന കപ്പം കിട്ടിയില്ലെങ്കിൽ ഇന്ത്യാഗവർമ്മെന്റിന്റെ പൊതുനിധിയും, യുദ്ധാനന്തരപുനഃസംവിധാനപദ്ധതിയും, ദേശത്തിനുവേണ്ടി ചെയ്‌വാനുദ്ദേശിക്കുന്ന എല്ലാ പദ്ധതിയും ഉടഞ്ഞുതകർന്നുപോകുമെന്ന് വ്യാജപ്രസ്താവനകൾ തുടങ്ങിയിരിക്കുന്നു. മി. ബന്താൾ ധീരൻ, അല്ലയോ മി. ബന്താൾ, നിങ്ങൾക്കെന്നുമുതലാണ് ഈ ഭാരതസ്നേഹം? മാർവിൽ കൈവച്ചു പറഞ്ഞാലും റയിൽവെ വരുമാനത്തിൽനിന്നും 7 കോടി രൂപാ കിട്ടിയില്ലെങ്കിൽ ഇന്ത്യാഗവർമ്മെന്റിന്റെ സാമ്പത്തിക നില തകർന്നുപോകുമെന്നു ഭയപ്പെടുന്ന നിങ്ങൾ വർഷത്തിൽ 75 കോടി രൂപാ വരവുള്ള അമിതാദായനികുതിയെ നിർത്തൽചെയ്യുന്നതിന്റെ ഉദ്ദേശം എന്താണാവോ? വെള്ളക്കാരായ മുതലാളികളെയും, അവരോടുചേർന്നുനിൽക്കുന്ന ബിർളാ ഇടങ്ങിയ ഇതര ഇന്ത്യൻ മുതലാളികളെയും സന്തോഷിപ്പിക്കുന്നതിനുവേണ്ടി പാവപ്പെട്ട തൊഴിലാളികളുടെയും 3-ാം ക്ലാസ് യാത്രക്കാരുടെയും വയററടിച്ചെന്നല്ലേ ഇതിന്റെ അർത്ഥം? പൊതുജനനന്മയെക്കുറിച്ച് ശബ്ദിക്കുന്നതിനു നിങ്ങളുടെ നാവിന് അവകാശമുണ്ടോ?

ഈ രാജ്യത്തെ സാമ്പത്തികനിലയെ അടിച്ചുടച്ചു നാശമാക്കിയ നിങ്ങൾ ഉത്തമനെപ്പോലെ പറയുകയും ഭാവിക്കുകയും ചെയ്താൽ അതു ഒരു പൂച്ചവിദ്യയാണെന്നു എല്ലാപേരും മനസ്സിലാക്കും.

നിങ്ങളെപ്പോലുള്ള വെള്ളക്കാരായ മുതലാളിമാർ ഇൻഡ്യയുടെ സാമ്പത്തിക ഉന്നമനത്തെക്കുറിച്ച് പറയുമ്പോൾ കാശിയാത്രയ്ക്കുവേണ്ടി പൂച്ച എലിയെ ക്ഷണിക്കുന്നതായിരിക്കുമെന്ന് ഏവരും മനസ്സിലാക്കും.

റയിൽവെ ചാർജ്

3-ാംക്ലാസ് യാത്രക്കാരിൽനിന്നും കിട്ടുന്ന ആദായം മററുള്ളതിന്റെ എട്ടിരട്ടിയാകുന്നു. മൂന്നാംക്ലാസ് യാത്രക്കാരാണ് റയിൽവെയുടെ ജീവനാഡി. എന്നാൽ അവർ യാത്രചെയ്യുന്നതോ മുനിസിപ്പാലിററി ലോറികളേപ്പോലും തോല്പിക്കത്തക്കവണ്ടികളിൽ.

വെള്ളക്കാർക്ക് ചെയ്തുകൊടുത്തിട്ടുള്ള സൌകര്യങ്ങൾ എന്തെല്ലാം? നെല്ലിക്കുപ്പത്ത്, പാരി ആൻഡ് കമ്പനിക്കു ഒരു ടൺ കരിമ്പിനു, ചാർജ് 11 പൈസ, ബാക്കിയുള്ളവർക്ക് 2 ണ. 11 സ. യും പഞ്ഞി, ആവണക്കു മുതലായവ തുറമുഖങ്ങളിൽനിന്നു ഇംഗ്ലണ്ടിലേക്കു കയററി അയയ്ക്കുന്നതു് യൂറോപ്യൻ മുതലാളിമാരാണ്. വോൾക്കാട്ട ബ്രദേഴ്സ് റാലി ബ്രദേഴ്സ് മുതലായവരാണ് ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നതു്. ഇവർക്കെല്ലാം പ്രത്യേക സൌകര്യങ്ങളും കുറഞ്ഞ ചാർജും. ബാക്കിയുള്ള ഇൻഡ്യൻ വ്യവസായികൾക്കു ഏററവും കൂടിയ നിരക്ക്—അതും ഉൾനാടുകളിൽ കൊണ്ടുപോകുന്നതിന്.

ഇപ്രകാരം ആയിരക്കണക്കിന് ഉദാഹരണങ്ങൾ എടുക്കാം. ഇവയിൽനിന്നും ബ്രിട്ടീഷ് ഏകാധിപത്യത്തിന്റെ ആവശ്യത്തിനുവേണ്ടി മാത്രമാണ് ഇന്നത്തെ നമ്മുടെ ഇൻഡ്യൻ റയിൽവെ നടത്തുന്നതെന്ന് അറിയാം.

സ്പെൻസർ ആൻഡ് ക

(ശേഷം 11-ാംപേജിൽ)

For

BNKING BUSINESS

of every discription

APPROACH

ORIENT CENTRAL BANK LTD.,
KOTTAYAM

*Branches at*

PALAI, PIRAVAM, KOTHAMANGALAM,
ERUMELI, KUMARAKUM, EARATTUPETTA,
KALAKETTI, KOTTAYAM, PAMPADI.

## കുറിപ്പുകൾ

(2-ാം പേജിൽ നിന്ന്)

ണ്ടംഫലമില്ല. ചാതുർവർണ്ണ്യം കാളകൂടംപോലെ വർജ്ജിക്കപ്പെടണം. പ്രകൃതിസൃഷ്ടമായ മാലിന്യത്തെ അകററുവാൻ മനുഷ്യസൃഷ്ടമായ ശാസ്ത്രത്തിന്റെ കഴിവുകളെ ഉപയോഗിച്ച്, തോട്ടിയും ചണ്ഡാലനും യാഥാർത്ഥ്യമെന്ന നിലയിൽനിന്ന് ഭൂതകാലത്തെ ദുസ്വപ്നങ്ങളായി മാറണം, മധുരവാക്കുകളും, വ്യാഖ്യാന കസർത്തുകളും പോരാ, ലോകത്തിലെ ഏററവും നികൃഷ്ടമായ ഈ അനീതിയെ വേരോടെ പറിച്ചെറിയുകതന്നെവേണം. മതമോ, ബ്രാഹ്മണ്യമോ സെമിന്ദാരി സമ്പ്രദായമോ ഗുജറാത്തിലെ പരുത്തിവ്യവസായമോ, ആ വിപ്ളവത്തെ വിഘ്നപ്പെടുത്തുന്ന ശക്തി ഏതുതന്നെ ആയിരുന്നാലും അവയെ തട്ടിനീക്കണം.; ഇതു ചെയ്‌വാൻകോൺഗ്രസ്സ് കച്ചകെട്ടിയിറങ്ങുമൊ. അതുടനടി പ്രവർത്തിപരമായി ആരംഭിക്കുമോ എങ്കിൽ ഹരിജനം കോൺഗ്രസ്സിനുള്ളിൽതന്നെ നിൽക്കും. അവനു ഇരുളടഞ്ഞ ക്ഷേത്രങ്ങളല്ല തുറന്നുകിട്ടേണ്ടതു്. വെളിച്ചമുള്ള ഭൂമിയിലെ യഥാർത്ഥജീവിതമാണവനു് തുറന്നു കിട്ടേണ്ടതു്. അതുതുറന്നുകൊടുക്കാത്തപക്ഷം മധുരയിൽകണ്ട കറുത്ത കൃപായങ്ങൾ ഇൻഡ്യയുടെ ഭാവിചരിത്രം സൃഷ്ടിക്കും.

നമ്മുടെ ആത്മാർത്ഥതയിൽ വിശ്വസിച്ചു കൊള്ളാനല്ലാതെ ഇന്ന് ഹരിജനങ്ങളോട് നാം ഒന്നും പറയുന്നില്ല. വരുന്ന ഭരണഘടനയിൽ അവനു് പ്രാതിനിധ്യം വേണമെന്നു് അവൻ വാദിച്ചുതുടങ്ങിയിരിക്കുന്നു പ്രത്യേക നിയോജക മണ്ഡലങ്ങളാണവർ ഇന്നു് ചോദിക്കുന്നതു്. ജനസംഖ്യാനുപാതികമായ പ്രാതിനിധ്യങ്ങൾക്കുള്ള കൂട്ടുനിയോജക മണ്ഡലങ്ങളാണു് ഐക്യത്തിനു് യോജിച്ചതു്. പരസ്പര മത്സരങ്ങൾക്ക് അവിടെ സ്ഥാനം കുറവാണു്. അതു് അനുവദിക്കാൻ കഴിയാത്ത പക്ഷം. പ്രത്യേക നിയോജക മണ്ഡലങ്ങൾ അനുവദിക്കുകയാണു് മാർഗ്ഗാന്തരം. ഈ നിയോജകമണ്ഡലപ്രശ്നത്തിൽ കോൺഗ്രസ്സ് എടുത്ത നയമായിരിക്കും ഭാവിയിൽ കോൺഗ്രസ്സ് ഹരിജനബന്ധത്തിനു മാർഗ്ഗദർശിത്വം നൽകുന്നതു്.


# തകഴിയുടെ പ്രശസ്ത ചെറുകഥകൾ

| | | | | |
|---|---|---|---|---|
| 1. പതിവ്രത | .... | 1 | 4 | 0 |
| 2. വില്പനക്കാരി—നോവൽ | .... | 0 | 14 | 0 |
| 3. നെടുവീർപ്പുകൾ—ചെറുകഥകൾ .... (by R. S. കുറുപ്പ്, നാഗവള്ളി) | | 0 | 10 | 0 |
| 4. നടി—നോവൽ—(by കേശവദേവ്) | | 2 | 8 | 0 |
| 5. ചിത്രശാല .... | .... | 1 | 0 | 0 |
| 6. ആധുനിക റഷ്യ .... | .... | 1 | 0 | 0 |

അരുണാ ബുക്കു് സ്റ്റാൾ—ആലപ്പുഴ.


## റെയിൽവെ പണിമുടക്കു്

(10-ാം പേജിൽനിന്നു)

മനിക്കു വിട്ടുകൊടുത്തിട്ടുള്ള കെട്ടിടവാടക ഇനത്തിൽ ആണ്ടിൽ റെയിൽവേയിൽ കിട്ടുന്ന ആദായം രൂപാ 1(അണ പതിനാറു)മാണു്. എന്നാൽ ഇൻഡ്യൻഭക്ഷണശാലകളിൽ നിന്നും വാടക ഇനത്തിലുള്ള വരുമാനമൊ, ആയിരക്കണക്കിനു്.


# കാൽസിഫെറോ

(റജിസ്റ്റേഡ്)

കൈകാലുകൾ മെലിഞ്ഞും, നെഞ്ചുന്തിയും, വയർ ചാടിയും, കവിൾ വീർത്തും, വിളറിയും, തീരെ ആരോഗ്യം നശിച്ച കുട്ടികൾക്കു്, ഏററവും ഉത്തമമായ ടോണിക്കു് കുഞ്ഞുങ്ങൾക്കു ദഹനസംബന്ധമായുണ്ടാകുന്ന സകല തകരാറുകളും നിശ്ശേഷം മാററുന്നു. അസ്ഥിവളർച്ചയ്ക്കും ശരീരപുഷ്ടിക്കും ഉത്തമം.

ഫലസിദ്ധിയുള്ള പല അപൂർവ്വൗഷധങ്ങളുടെ രസവും, കാൽസിയം, ഇരുമ്പു, മഗ്നേഷ്യം മുതലായ ധാതുദ്രവ്യങ്ങളും, തേനും, മോൾട്ടും ചേർത്തു് ശാസ്ത്രീയമായി തയ്യാർ ചെയ്തിട്ടുള്ളതു്.

എല്ലാ മരുന്നുഷാപ്പുകളിലും വില്ക്കപ്പെടുന്നു.



# മഴക്കാലത്തു്

വെറുതെ വീട്ടിലിരുന്നു് ധാരാളം വായിക്കുക. അതിനു് ഞങ്ങൾ നിങ്ങളെ സഹായിയ്ക്കും.

എങ്ങനെ—?

താഴെക്കാണുന്ന പുസ്തകങ്ങൾ വി. പി. അയയ്ക്കുവാൻ ഉടനെ ഒരു കാർഡിടുക.

1 നിവേദനം പൊൻകുന്നം വർക്കിയുടെ എട്ടു പുതിയ ചെറുകഥകൾ 1—8—0

2. പ്രേമവിപ്ലവം വർക്കി 1—0—0

3. തകഴിയുടെ കഥകൾ 1—4—0

4. അനശ്വരതയിലേക്കുള്ള ക്ഷണം (നാടകം) 0—12—0
(ശാസ്ത്രജ്ഞൻ, പുരോഹിതൻ, ഹിററ്ലർ, സിനിമാതാരം, തൊഴിലാളി ഇവരാണു് കഥാപാത്രങ്ങൾ)

5. പുരോഗമനസാഹിത്യം എന്തിനു്?
(ഹരീന്ദ്രൻ, പോൾ: മുണ്ടശ്ശേരി, കുററിപ്പുഴ തുടങ്ങിയവർ എന്തു പറയുന്നു എന്നു മനസ്സിലാക്കുക.) 1—4—0

സൗജന്യം

അഞ്ചുംകൂടി ഒരുമിച്ചെടുത്താൽ വി. പി. ചെലവു് സൗജന്യം.

നാഷനൽ ബുക്കു്സ്റ്റാൾ
കളരിക്കൽ ബസാർ, കോട്ടയം.



ഓം

ഗൃഹഭൂഷണവും ജീവിതമാർഗ്ഗദർശിനിയുമായ കൊല്ലം വിദ്യാഭിവർദ്ധിനി പ്രസ്സ്‌വക

1122-ാമാണ്ടത്തെ

# പഞ്ചാംഗങ്ങൾ

*

1. പതിവുപോലെ പുലിയൂർ ബ്രഹ്മശ്രീ പി. എസ്സ്. പുരുഷോത്തമൻനമ്പൂതിരി അവർകളാൽ ഗണിക്കപ്പെട്ട 1122-ാമാണ്ടത്തെയും 5 ഫാറമുള്ളതും. 2ഫാറമുള്ളതുമായ പഞ്ചാംഗങ്ങൾ തയ്യാറായിരിക്കുന്നു. മിഥുനം 1-ാംനു- മുതൽ വില്പനയ്ക്കു് തയ്യാർ.

2. വലിയ പഞ്ചാംഗത്തിന്റെ പേജുകൾ നാലുതായി വർദ്ധിപ്പിച്ചിട്ടു്, 1123-ലെ ചിങ്ങമാസത്തെ പഞ്ചാംഗത്തിനു പുറമെ, ചിത്രങ്ങളോടുകൂടിയ ഗൌളിശാസ്ത്രവും, ഗ്രഹപ്പകർച്ചകൾ മുതലായവ പ്രത്യേകം പ്രത്യേകമായി ചേർത്തിട്ടുണ്ടു്.

3. മൊത്തമായി വാങ്ങുന്നവർക്കു് പതിവുപോലെ ആകർഷണീയമായ സൗജന്യങ്ങൾ നൽകുന്നതാണു്. എന്നാൽ കടലാസ്സിന്റെ ദൗർലഭ്യം മൂലം എല്ലാവരുടെയും ആവശ്യാനുസരണം സപ്ലൈ ചെയ്യുവാൻ നിവൃത്തിയില്ലാതെ വന്നേക്കാം. കൂടുതൽ വിവരങ്ങൾ മുഖദാവിലോ എഴുതിയോ ചോദിക്കുവിൻ.

*

എസ്സ് ററി റെഡ്യാർ & സൺസ്
വി. വി. പ്രസ്സ് & ബുക്കുഡിപ്പോ

കൊല്ലം. ബ്രാഞ്ച്:— ആലപ്പുഴ.

Reg. No.
T. 66.

# PRASANNAKERALAM

License No. 390
Dated 15-6-1939.

## കൊടുംകാററ്

(1 ാംപേജിൽനിന്നു)

ബഷീ:-അതെല്ലാം ഇന്നു ആബ്ബു ചെയ്യട്ടെ.

സതി:-എന്നാൽ സമ്മാനം അകത്തിരുപ്പുണ്ട്.

ബഷീ:-എനിക്കറിയാം! ഇന്നിലയ്ക്കു് വസ്ത്രമൊന്നും വേണ്ടാ! ഇപ്പോൾത്തന്നെ ഞാൻ പോകുന്നു. ആബ്ബുവിനേയും കൂട്ടരേയും അടിച്ചു താഴെയിടുവാനുള്ള ലാത്തികൾ ശരിപ്പെടുത്തണം. സതീശു്! ഇന്നുരാത്രി പുതിയ ! സമരനിര സംഘടിപ്പിക്കാൻ അവർ ഒരുങ്ങുകയാണ്. ഞാൻ പോവുന്നു. പലതും ഇനിയും അറിയാനുണ്ട്. (ആബ്ബുവിനേയും സതീശനേയും ആലിംഗനംചെയ്തു പെട്ടെന്നു മറയുന്നു.)

സതി:-സൗദാമിനി! ഇവിടെത്തന്നെ ഇരിക്കൂ! ഞാൻ ഇതൊന്നു വായിച്ചുകൊള്ളട്ടെ. സൗദാമിനി! ഇതാണ് അബ്ദുൾ; കാൺഗ്രസ്സ് സെക്രട്ടറി! (കടലാസ് വായിച്ച്.) ആബ്ബു! സൗദാമിനി! അറിഞ്ഞോ?

ആബ്ബു:-എന്താണിത്ര സന്തോഷം!

സതി:-റെയിൽവെസ്ട്രൈക്ക്! നാളെ രാവിലെമുതൽ! ആൾ ഇന്ത്യാറെയിൽവെ സ്ട്രൈക്ക്! ആബ്ബു—നമ്മുടെ വിജയത്തിന്റെ നാന്ദി.

ആബ്ബു:-ബഷീർ! നീയാരു്! നിന്റെ!

സൗദാ:-അപ്പോൾ ഞാൻ ശുഭമുഹൂർത്തത്തിൽത്തന്നെവന്നു അല്ലേ? അബ്ദുൾ! ഒരു മഹാസംഭവത്തിന്റെ മുമ്പിൽനിന്നാണു നാം പരിചയപ്പെടുന്നതു്.

സതി:-ഈ പാതിരാവു ബഷീറിനെ ഭയപ്പെടുത്തുന്നില്ലേ? എത്രയെത്ര വേഷങ്ങളാണു് ഒരു ദിവസം കെട്ടുന്നതു്. എത്ര നാടകങ്ങളാണു് അഭിനയിക്കുന്നതു്?

സൗദാ:-ഒരുമിച്ചു പോന്നിട്ടും എന്നോടു ഒരക്ഷരം ഇതേപ്പററി മിണ്ടിയില്ല.

സതീ:-വിശ്വസിക്കാറായോ എന്ന സംശയം. ആബ്ബു! എന്നാൽ സൗദാമിനിയുടെ പ്രതിജ്ഞ നടക്കട്ടെ; നമുക്കൊരുമിച്ചു പോകാം. ഭാസിയുടെ വീടുവരെ. സൗദാമിനിയെ അവിടെവരെ അനുഗമിക്കണം,

സൗദാ:-അച്ഛൻ വലിയ ഉത്സാഹമായിരിക്കുന്നു. അമ്മയെ ചെന്നു് കാണണം. ഉടനെ തിരിയെ വരണം.

സതി:-അതുകഴിഞ്ഞാൽ സമരത്തിന്റെ മദ്ധ്യത്തിൽ.

ആബ്ബു:-അമ്മ ഇപ്പോഴും സാനിട്ടോറിയത്തിലാണോ?

സൗദാ:-അതെ. എന്റെ മനസ്സിനെ മഥിക്കുന്ന ഒരു സംഗതി അതുമാത്രം. ക്ഷയം! അമ്മയുടെ മാറാവ്യാധി.

സതി:-സൗദാമിനി! ഇത്തരം ബന്ധങ്ങളുടെയും ബാദ്ധ്യതകളുടേയും പാവകളാണ് ഈ നമ്മളെല്ലാം.

ആബ്ബു:-അതെല്ലാം വിസ്മരിക്കുവാനുള്ള കഴിവ് നമുക്ക് ഉണ്ടാകുമോ?

സതി:-എല്ലാം വിസ്മരിച്ച് സമരമദ്ധ്യത്തിലേയ്ക്കു നാം ചാടിയില്ലെങ്കിൽ

സൗദാ:-വഷളത്തങ്ങളുടെ ആഹ്വാനമാണതെന്നു് ഞാൻ മറക്കുന്നില്ല. എങ്കിലും.

സതി:-പാരതന്ത്ര്യത്തിന്റെ ശക്തിമത്തായ കണ്ണിയാണ്, ആ എങ്കിൽ! സൗദാമിനി! ഇതിനു മുമ്പുനടത്തിയ മഹാസമരങ്ങളുടെ പരാജയം അതായിരുന്നു. ഈ അന്ത്യസമരത്തിന്റെ നിഘണ്ടുവിൽ ആ പദത്തിനു സ്ഥാനമില്ല—ആകട്ടെ! സൗദാമിനി തിരിയെച്ചെല്ലുമ്പോഴേക്കും അച്ഛനെ അറസ്റ്റു ചെയ്തുവെങ്കിൽ എന്തുചെയ്യും?

സൗദാ:-ഈ സമയത്തു അങ്ങിനെ പറയാതിരിക്കൂ!

ആബ്ബു:-എന്തും സംഭവിക്കാം. അധികാരവർഗ്ഗം അത്രയ്ക്കു് അസ്വസ്ഥരാണ്.

സതി:-അതുകൊണ്ടു് എന്തിനും തയ്യാറായിരിക്കണം. അത്രമാത്രം. സൗദാമിനി! നിങ്ങളുടെ വഴിയെ നടക്കുന്ന വൃദ്ധനെ കണ്ടിട്ടില്ലേ! ആബ്ബു കണ്ടിരിക്കും.

ആബ്ബു:-ഭ്രാന്തൻ!

സൗദാ:-സതീശു്! ആ രൂപം കാണുമ്പോൾ എന്റെ ഹൃദയം ഉരുകുകയാണ്. കാററില്ല, മഴയില്ല, വെയിലില്ല. ആരു ഭക്ഷണം കൊടുക്കും? ആരു കഴിക്കും? വെറും എല്ലും തോലും.........കാലിലുണ്ടിരുമ്പുചങ്ങല. എന്റെ സതീശു്. മനുഷ്യൻ! മനുഷ്യൻ! ഈ രോഗം വന്നാൽ!

സതി:-എന്നിട്ടും ഞാൻ എന്റെ ജോലികളെല്ലാം ചെയ്യുന്നു.

സൗദാ:-അതെന്താണ് സതീശു്? ഇന്നും രാവിലെ കണ്ടു. കുറെ പച്ചിലക്കമ്പും ഒടിച്ച് കയ്യിൽ ഒരു പാട്ടുംപാടി.

സതി:-ഇന്നലത്തെ കൊടുങ്കാററിൽ അടിഞ്ഞുവീണ ഒരു വൃക്ഷത്തിന്റെ കമ്പാണതു്. ഞാൻ കണ്ടു. അതൊടിച്ചെടുത്തു് കയ്യിൽവച്ച് എന്റെ സുഹൃത്തുക്കളെ നിങ്ങൾ സൂക്ഷിക്കരുതു്. എന്റെ ഹൃദയം മരവിച്ചു പോയി. എന്നു പറയുകയുമരുതു്. എന്റെ ജീവിതം പരിവസാനംചെയ്യിപ്പിച്ചു മഹാശക്തിയാണ്.

ആബ്ബു:-എന്തു്? ആ ഭ്രാന്തനോ?

സതീ:-അതെ! ആ മഹാശക്തി! ശബ്ദമൂകമായ ആ മഹാശക്തി! അമ്മയുടെമരണം! അതെ തുടർന്നു് ആ മിൽ ഓണറും പോലീസധികാരിയുംകൂടി നടത്തിയ ഗൂഢാലോചന! അമ്മയെ കൊന്നതാണെന്നുള്ള ആരോപണം. അതെ, തുടർന്നുള്ള അച്ഛന്റെ ജയിൽവാസം. ഞാൻ ഐ.എൻ.എ. തടങ്കലിൽ. ഈവിധമുള്ള ജീവിതയാതനകളാണ് എന്റെ അച്ഛനെ ഭ്രാന്തനാക്കിയതു്.

ആബ്ബു } സൗദാ } സതീശു്! അദ്ദേഹത്തിന്റെ അച്ഛനോ?

സതി:-മറെറാരു സ്വകീയദുഃഖം! ഇതുപോലെ ലോകം അറിഞ്ഞിട്ടില്ലാത്ത എത്രയെത്ര ദുഃഖശതങ്ങളുടെ കലവറയാണ് എന്റെ ഹൃദയം. ഈവിധം അലഞ്ഞുനടത്താതിരിക്കുവാൻ ഞാൻ എത്ര ശ്രമിച്ചു.

ആബ്ബു:-നമുക്കു ചികിത്സിക്കാൻ സാധിക്കയില്ലേ?

സതി:-ചികിത്സ! അച്ഛൻ ജയിലിൽനിന്നു വന്നപ്പോൾ അമ്മയുടെ ശവകുടീരം അര നിമിഷത്തിൽ! ആബ്ബു! ബോധമററവൻ ഇതുപോലെ നടക്കുന്നതു കണ്ടാൽ നാം സഹിക്കുകയില്ല. ബോധമുള്ള എത്ര ഏഴകൾ ഇതിലും ഭയങ്കരമായി നരകിക്കുന്നു. കുബേരന്റെ നിയമം. സാമ്രാജ്യത്തിന്റെ നിയമം! ചവച്ചുതുപ്പിയ എത്ര ഏഴകൾ. ധനവും മതവും പൗരോഹിത്യവും ഇതിനു സഹായിച്ചവർ! ഇന്നും കാണുന്നില്ലേ! ഇനി ഇതു ഭാരതം കാണുകയില്ല. സ്വതന്ത്രഭാരതം ഇത്തരം മർദ്ദനത്തിന്റെ മൂർത്തീകരണത്തെ കാണുകയില്ല.

ആബ്ബു:-സതീശു് ആ രൂപം! ഈ പാതിരാവിലും എന്റെ മുമ്പിൽ നില്ക്കുന്നതായി തോന്നുന്നു.

സതി:-ആ രൂപം എന്റെദൃഷ്ടിയിൽനിന്നു മറയുന്ന നിമിഷം ഇല്ല.—........സൗദാമിനി! എന്നാൽ ഇനി സത്യപ്രതിജ്ഞയിൽ ഒപ്പുവയ്ക്കുകയല്ലേ?

സൗദാ:-സതീശു്........ഒരു നിമിഷം........

സതി:-(കുടിലിനുള്ളിലേയ്ക്കു കയറി കടലാസ് കൊണ്ടുവരുന്നു) വായിച്ചുനോക്കുക.

സൗദാമിനി:- (വായിക്കുന്നു) കൊള്ളാം.

സതീ:-[വിളക്കിന്റെ സമീപം ഇരുന്നു്] ആബ്ബു! ആ ബ്ളേഡ് എടുത്തുകൊടുക്കൂ.

ആബ്ബു:-(ബ്ളേഡ് എടുത്തുകൊടുത്തു.)

സതി:-കൃത്യത്തിന്റെ ഗൗരവത്തെപ്പററി ഒന്നും പറവാനില്ല.

സൗദാ:-എല്ലാം ഓർമ്മയുണ്ട്..... നാളെ രാത്രിമുതൽ എന്റെ പുതിയ ജോലിയിൽ പ്രവേശിച്ചുകൊള്ളാം. എന്റെ ബംഗ്ലാവിൽനിന്നുതന്നെ എനിക്ക് എന്റെ ജോലി കുറെക്കാലം ചെയ്യാം.

സതി:-എല്ലാം അച്ഛന്റെ അറസ്റ്റിനെ ആശ്രയിച്ചിരിക്കും.

സൗദാ:-അപ്പോൾ സുഹൃത്തുക്കളെ!

(കൈവിരൽ മുറിച്ച് രക്തംകൊണ്ടു പേരെഴുതി ഒപ്പിടുന്നു)

സതി } ആബ്ബു } ജയ് ഹിന്ദ്!

സൗദാ:-ജയഹിന്ദ്.

സതീ:-(കടലാസു വാരി) ഇനിയൊന്നു നമ്പരിട്ടുകൊള്ളട്ടെ.51 കൊള്ളാം!

സൗദാ:-എല്ലാം എന്റെ വർഗ്ഗക്കാർതന്നെയാണല്ലൊ.

സതി:-അതെ ആബ്ബു ഇതാ—ഇതാണ് ന്യൂസ്ഷീററു്! വിതരണം ചെയ്യേണ്ടതു്. സെൻട്രൽ ആഫീസിൽനിന്നും വന്നതാണ്.

ആബ്ബു:-ഇനി നടക്കുകയല്ലേ?

സതീ:-നിങ്ങൾ രണ്ടാളും കൂടി പോവുക. ഭാസിയുടെ വീടുവരെ പോയാൽ മതി.

ആബ്ബു:-സതീശു് സൂക്ഷിച്ചുകൊള്ളണേ. (കെട്ടിച്ചുംബിക്കുന്നു.)

(സൗദാ &ആബ്ബു dis exite)

സതീശു് ആ ഇരുളിലേയ്ക്കുനോക്കിനില്ക്കുന്നു.

(കർട്ടൻ.)

—

അടുത്ത ലക്കത്തിൽ

### പട്ടം എന്തിനു രാജി വയ്ക്കണം

സി നാരായണപിള്ള

**FOR SALE.**

TIMBER:—In logs & Scantlings,

FURNITURE:—Durable & up-to-date fashion.

SANITARY:—All kinds of Sanitary materials.

THE KOTTAYAM TIMBER WORKS.

M. L. Road, KOTTAYAM.

Printed at the Powra Dhwany Press, Kottayam & Published by Anjiliparampil Kumaran at Kottayam